**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 770</u>** **<u>17-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>പുരപ്പുറ സൗരോർജ്ജ പദ്ധതി, ജലവൈദ്യുത പദ്ധതികൾ, മറ്റ് വൈദ്യുതോല്പാദന മാർഗങ്ങൾ എന്നിവയിലൂടെ 2021 മുതൽ നാളിതുവരെയും സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുള്ള വൈദ്യുതിയുടെ അളവ് വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;</td><td>(എ)</td><td>പുരപ്പുറ സൗരോർജ്ജ പദ്ധതി മുഖേന ഉല്പാദിപ്പിച്ചിട്ടുള്ള വൈദ്യുതിയുടെ അളവ് താഴെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>ഉത്പാദനം</th></tr><tr><td>2021-22</td><td>292 MU</td></tr><tr><td>2022-23</td><td>468 MU</td></tr><tr><td>2023-24</td><td>772 MU</td></tr><tr><td>2024-25</td><td>1191 MU</td></tr></table></td></tr>
<tr><td>(ബി)</td><td>മറ്റ് ഏജൻസികളിൽ നിന്ന് 2021 മുതൽ നാളിതു വരെയും സംസ്ഥാനത്തിന് വേണ്ടി കെ.എസ്.ഇ.ബി. വിലകൊടുത്ത് വാങ്ങിയിട്ടുള്ള വൈദ്യുതിയുടെ അളവ്, പ്രസ്തുത വൈദ്യുതിക്ക് യൂണിറ്റൊന്നിന് നൽകുന്ന വില, വർഷം, ഏജൻസി എന്നിവ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;</td><td>(ബി)</td><td>വാങ്ങിയ വൈദ്യുതിയുടെ അളവ്, യൂണിറ്റ് വില, വർഷം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ബി. യൂണിറ്റ് ഒന്നിന് നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ;</td><td>(സി)</td><td>ബാങ്കിംഗ് സൗകര്യത്തിലൂടെ പ്രോസ്യൂമേഴ്സ് (Prosumers) പകൽ സമയത്ത് നൽകിയ വൈദ്യുതി പീക്ക് സമയത്ത് സൗജന്യമായി എടുത്തതിനു ശേഷം വരുന്ന വാർഷിക മിച്ച വൈദ്യുതിക്ക് കമ്മീഷൻ അനുവദിച്ച നിലവിലെ നിരക്ക് യൂണിറ്റിന് 3.26/- രൂപ ആണ്.</td></tr>
<tr><td>(ഡി)</td><td>പകൽ സമയം പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിക്കുകയും രാത്രിയിൽ ജലവൈദ്യുത പദ്ധതിയിലൂടെയും താപനിലയങ്ങളിലൂടെയും ലഭിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിക്കുകയും ചെയ്താൽ മറ്റ് ഏജൻസികളിൽ നിന്ന് വൈദ്യുതി വാങ്ങാതെ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;</td><td>(ഡി)</td><td>പകൽ സമയം, പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ബാങ്കിംഗ് സംവിധാനത്തിലൂടെ ഇതേ പ്രോസ്യൂമേഴ്സ് (Prosumers) രാത്രി സമയത്ത് സൗജന്യമായി എടുക്കുന്നു. രാത്രി സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ നിലവിലെ ജലവൈദ്യുത പദ്ധതിയിലൂടെയും, താപനിലയങ്ങളിലൂടെയും ലഭിക്കുന്ന വൈദ്യുതി മതിയാവാത്ത സാഹചര്യമാണ് നിലവിലുള്ളത്. വൈദ്യുതി ആവശ്യകത വർദ്ധിക്കുന്ന രാത്രി സമയത്ത് കൂടുതൽ വൈദ്യുതി, കമ്പോളത്തിൽ</td></tr>
</table>

നിന്നു കൂടിയ വിലയ്ക്ക് വാങ്ങിയാൽ മാത്രമേ വൈദ്യുതി ആവശ്യകത പൂർണ്ണമായി നിറവേറ്റാൻ സാധിക്കുകയുള്ളൂ. ഇതിനൊരു പരിഹാരമായിട്ടു കൂടിയാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, കരട് ചട്ടത്തിൽ ബാറ്ററി സ്റ്റോറേജ് പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സൂചിപ്പിച്ചത്.

പുരപ്പുറ സോളാർ പ്ലാന്റുകളിൽ നിന്നും വൈദ്യുതി ലഭിക്കുന്ന പകൽ സമയങ്ങളിൽ, ജലവൈദ്യുതി നിലയങ്ങളിൽ നിന്നുമുള്ള ഉത്പാദനം ഒരളവുവരെ ക്രമീകരിക്കാറുണ്ട്. ഇത്തരത്തിൽ ജലവൈദ്യുതി ക്രമീകരിക്കുന്നതിന് താഴെ പറയുന്ന പ്രായോഗികവും/ സാങ്കേതികവുമായ ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കുന്നുണ്ട്.

1. കാലവർഷം സജീവമായ ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ഡാമുകളിൽ സ്പിൽ/റൂൾ കർവ് ലംഘനം ഒഴിവാക്കുന്നതിനായി ജലവൈദ്യുതി നിലനിർത്തേണ്ടതായിട്ടുണ്ട് .

2. വേനൽകാലങ്ങളിലെ ജലസേചന/ കുടിവെള്ള ആവശ്യങ്ങൾക്കായി ജലവൈദ്യുതി നിലങ്ങളിൽ നിന്നുമുള്ള ഏകീകൃതമായ രീതിയിൽ വെള്ളം ലഭിക്കേണ്ട ആവശ്യകത.

3. പകൽ സമയങ്ങളിലെ സോളാർ വൈദ്യുതി ഉല്പാദനത്തിലുണ്ടാകുന്ന ഏറ്റക്കുറവുകൾ ഗ്രിഡിന്റെ സ്ഥിരതയെ ബാധിക്കുമെന്നതിനാൽ, നിശ്ചിത അളവിൽ പരമ്പരാഗത വൈദ്യുതി നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

4. കാസ്കേഡ് പവർ സിസ്റ്റത്തിൽ, വൈകുന്നേരങ്ങളിലെ പീക് സമയത്ത് പരമാവധി വൈദ്യുതി ആവശ്യത്തിന് ആവശ്യമായ വെള്ളം താഴത്തെ നിലയങ്ങളിൽ ലഭ്യമാക്കുന്നതായി മുകളിലെ നിലയങ്ങളിൽ പകൽ സമയങ്ങളിൽ ഉത്പാദനം നിലനിർത്തേണ്ടത് അനിവാര്യമാണ്

പകൽ സമയങ്ങളിൽ പുരപ്പുറ സൗരോർജ്ജ മാത്രം ഉപയോഗിച്ചു കൊണ്ട് സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റവാൻ സാധിക്കുന്നതല്ല. ഇതിന് നിരവധി സാങ്കേതികവും, പ്രവർത്തനപരവുമായ ബുദ്ധിമുട്ടുകളുണ്ട്. സോളാർ വൈദ്യുതി ഉത്പാദനം പൂർണമായും സൂര്യ പ്രകാശത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, വൈകുന്നേരങ്ങളിലും രാത്രികളിലും ആവശ്യമായ വൈദ്യുതി ലഭ്യമാകാൻ കഴിയില്ല. കെ.എസ്.ഇ. ബി.എൽ. - ന് വിഹിതമുള്ള താപനിലയങ്ങളുടെ ഉത്പാദനം പകൽ സമയം

| | | | |
|---|---|---|---|
| | | | പൂർണമായും കുറച്ചാൽ (back down ചെയ്താൽ) വൈകുന്നേരങ്ങളിലെ പീക് സമയങ്ങളിൽ പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി ലഭ്യതക്ക് ഉറപ്പില്ല. കൂടാതെ, ആണവ നിലയങ്ങളുടെ ഉത്പാദനം സാങ്കേതിക കാരണങ്ങളാൽ സറണ്ടർ ചെയ്യാൻ സാധ്യമല്ല .<br><br>ആയതിനാൽ, വൈദ്യുതി ആവശ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ സോളാർ ഉത്പാദത്തോടൊപ്പം താപ, ആണവ, ജല വൈദ്യുതി നിലയങ്ങളിലെ ഉൽപാദനവും ഏകോപിതമായി വിന്യസിക്കുന്ന സമതുലിതമായ സമീപനം തുടരേണ്ടതാണ്. |
| (ഇ) | പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ശേഖരിക്കുന്നതിന് കെ.എസ്.ഇ.ബി. സ്റ്റോറേജ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അത് എവിടെയെല്ലാം ആണെന്ന് വ്യക്തമാക്കാമോ; | (ഇ) | പുരപ്പുറ സോളാർ പ്ലാന്റുകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ശേഖരിക്കുന്നതിന് സ്റ്റോറേജ് സംവിധാനങ്ങൾ ലോ ടെൻഷൻ വിതരണ ലൈനുകളിലോ കൺസ്യൂമറുടെ പ്രീമിസുകളിലോ സ്ഥാപിക്കേണ്ടതുണ്ട്. അത്തരം സ്റ്റോറേജ് യൂണിറ്റുകൾ കെ. എസ്. ഇ. ബി. എൽ. സ്ഥാപിച്ചിട്ടില്ല.<br><br>ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>കാസറഗോഡ് ജില്ലയിലെ മൈലാട്ടി 220 കെ. വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ഇംപ്ലിമെന്റിംഗ് ഏജൻസി ആയി ചുമതലപ്പെടുത്തുകയും 20.03.2025-ന് മൈലാട്ടി 220 കെ. വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട് /500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് ജെ.എസ്.ഡബ്ല്യൂ. നിയോ എനർജി ലിമിറ്റഡിനു സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ നൽകുകയും ചെയ്തു. കേന്ദ്ര ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനമായ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ.എച്ച്.പി.സി.-ക്ക് 1500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും, ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടാവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കുവാൻ അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ |

| | | | |
|---|---|---|---|
| | | | നടപടിയായി 17.01.2025-ന ആയതിനുള്ള ടെൻഡർ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ.എച്ച്.പി.സി. പ്രസിദ്ധീകരിക്കുകയും 09.07.2025–ന നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ.എച്ച്. പി.സി. നൽകുകയും ചെയ്തു.<br><br>കാസറഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/60 മെഗാവാട്ടവർ (BESS) : ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.<br><br>കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS) : എൻ. റ്റി. പി. സി. ഗ്രീൻ എനർജി ലിമിറ്റഡ്.<br><br>മലപ്പുറം ജില്ലയിലെ അരീക്കോട്. സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/120 മെഗാവാട്ടവർ (BESS) : ടാറ്റ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ്<br><br>തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ. റ്റി. പി. സി. ഗ്രീൻ എനർജി ലിമിറ്റഡ് എന്നിങ്ങനെയാണ് എൻ.എച്ച്.പി.സി. മുഖാന്തിരം BESS സ്ഥാപിക്കുന്നത്. |
| (എഫ്) | പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. സ്റ്റോറേജ് യൂണിറ്റുകൾ ആരംഭിച്ച് ശേഖരിച്ച് വിതരണം ചെയ്യുകയാണെങ്കിൽ പുറത്തുനിന്നുള്ള ഏജൻസികളിൽ നിന്ന് വാങ്ങുന്നതിനേക്കാൾ കുറഞ്ഞ ചിലവിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ; | (എഫ്) | ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ മെഗാവാട്ട് തോതിൽ ഉള്ള നിലയങ്ങൾ പോലും സാമ്പത്തികമായി നേട്ടം ആകുന്ന അളവിൽ രൂപപ്പെട്ടിട്ടില്ല. സ്റ്റോറേജ് സംവിധാനങ്ങളുടെ പ്രസക്തി പരിഗണിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ച വിവിധ വയബിലിറ്റി ഗ്യാപ് ഫണ്ട് രൂപത്തിലുള്ള സാമ്പത്തിക സഹായത്തോടു കൂടിയാണ് ബാറ്ററി സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br><br>പുരപ്പുറ സോളാർ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംഭരിച്ച് വിതരണം ചെയ്യുന്നത് സാമ്പത്തികമായും സാങ്കേതികമായും വയബിൾ ആകുമോ എന്നത് പഠിച്ച് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം സ്റ്റോറേജ് സംവിധാനങ്ങൾ സ്ഥാപിക്കാനാവശ്യമായ കരട് ചട്ടങ്ങൾ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ജി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റർ റെഗുലേഷൻ 2025 കരട് ചട്ട പ്രകാരം കേരളത്തിലെ സോളാർ പ്രൊസ്യൂമേഴ്സിന് | (ജി) | കരട് ചട്ടങ്ങളിലെ റഗുലേഷൻ 2.3 പ്രകാരം നിലവിലുള്ള എല്ലാ സോളാർ പ്രൊസ്യൂമേഴ്സിനും നെറ്റ് മീറ്ററിംഗ് രീതിയിൽ തന്നെ തുടർന്നും ബിൽ ചെയ്യപ്പെടുന്നതാണ്. പുതിയ കരട് ചട്ടത്തിൽ |

| | | | |
|---|---|---|---|
| | നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും കരട് ചട്ടത്തിലെ നിർദ്ദേശങ്ങളിൽ പലതും പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്ന് പൊതുജനങ്ങളെ അകറ്റി നിർത്തുമെന്നുമുള്ള അഭിപ്രായം ഗൗരവത്തിലെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | | നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങൾ കേരളത്തിൽ വൈദ്യുതി വിതരണ ശൃംഖലയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും നിലനിൽപ്പിനും സഹായകരമായതാണ്. ആയതിനാൽ പൊതുജനങ്ങളെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും അകറ്റും എന്ന അഭിപ്രായം വസ്തുതാപരമല്ല.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റർ റെഗുലേഷൻ, 2025 കരട് ചട്ട പ്രകാരം കേരളത്തിലെ നിലവിലുള്ള സോളാർ പ്രൊസ്യൂമേഴ്സിന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയില്ല. മറിച്ച്, നിലവിൽ സംസ്ഥാനത്ത് തുടരുന്ന നെറ്റ് മീറ്ററിംഗ് സംവിധാനം മൂലം സോളാർ വെയ്ക്കാത്ത സാധാരണ ഉപഭോക്താക്കൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത, വൈദ്യുതി ശൃംഖലയിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് കരട് റെഗുലേഷനിൽ പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| അനുബന്ധം | 2021-22 | |
|---|---|---|
| വൈദ്യുതി സ്രോതസ്സുകൾ/ ഏജൻസി | സംസ്ഥാനത്തു ലഭ്യമായ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | സംസ്ഥാനത്തു ലഭ്യമായപ്പോൾ ഉള്ള ശരാശരി യൂണിറ്റ് വില രൂപയിൽ |
| കേന്ദ്ര നിലയങ്ങൾ | 9498 | 4.65 |
| ദീർഘ കലാ കരാറുകൾ | 7770 | 4.50 |
| പവർ എക്സ്ചേഞ്ച് | 64 | 3.00 |
| സംസ്ഥാനത്തിനുള്ളിലെ പാരമ്പര്യേതര ഊർജ്ജം | 431 | 6.06 |
| മധ്യ കാല കരാറുകൾ | 516 | 3.22 |
| ഹ്രസ്വ കാല കരാറുകൾ | 184 | 3.48 |
| | | |
| | 2022-23 | |
| | സംസ്ഥാനത്തു ലഭ്യമായ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | സംസ്ഥാനത്തു ലഭ്യമായപ്പോൾ ഉള്ള ശരാശരി യൂണിറ്റ് വില രൂപയിൽ |
| കേന്ദ്ര നിലയങ്ങൾ | 10387 | 5.63 |
| ദീർഘ കലാ കരാറുകൾ | 7854 | 4.87 |
| പവർ എക്സ്ചേഞ്ച് | 363 | 5.95 |
| സംസ്ഥാനത്തിനുള്ളിലെ പാരമ്പര്യേതര ഊർജ്ജം | 606 | 3.91 |
| മധ്യ കാല കരാറുകൾ | 807 | 3.38 |
| ഹ്രസ്വ കാല കരാറുകൾ | 159 | 7.08 |
| സംസ്ഥാനത്തിന് പുറത്തുനിന്നുള്ളപാരമ്പര്യേതര ഊർജ്ജം | 247 | 2.89 |
| | | |
| | | |
| | 2023-24 | |
| | സംസ്ഥാനത്തു ലഭ്യമായ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | സംസ്ഥാനത്തു ലഭ്യമായപ്പോൾ ഉള്ള ശരാശരി യൂണിറ്റ് വില രൂപയിൽ |
| കേന്ദ്ര നിലയങ്ങൾ | 10951 | 4.99 |
| ദീർഘ കലാ കരാറുകൾ | 6396 | 4.47 |
| പവർ എക്സ്ചേഞ്ച് | 3581 | 5.83 |
| സംസ്ഥാനത്തിനുള്ളിലെ പാരമ്പര്യേതര ഊർജ്ജം | 660 | 3.32 |
| മധ്യ കാല കരാറുകൾ | 936 | 4.50 |
| ഹ്രസ്വ കാല കരാറുകൾ | 1275 | 5.95 |
| സംസ്ഥാനത്തിന് പുറത്തുനിന്നുള്ളപാരമ്പര്യേതര ഊർജ്ജം | 408 | 2.66 |

Sheet1

| | 2024-25 | |
|---|---|---|
| | സംസ്ഥാനത്തു ലഭ്യമായ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | സംസ്ഥാനത്തു ലഭ്യമായപ്പോൾ ഉള്ള ശരാശരി യൂണിറ്റ് വില രൂപയിൽ |
| കേന്ദ്ര നിലയങ്ങൾ | 11565 | 5.00 |
| ദീർഘ കലാ കരാറുകൾ | 5357 | 4.71 |
| പവർ എക്സ്ചേഞ്ച് | 2918 | 6.29 |
| സംസ്ഥാനതിനുള്ളിലെ പാരമ്പര്യേതര ഊർജ്ജം | 642 | 3.34 |
| മധ്യ കാല കരാറുകൾ | 450 | 4.35 |
| ഹ്രസ്വ കാല കരാറുകൾ | 1893 | 7.01 |
| സംസ്ഥാനത്തിന് പുറത്തുനിന്നുള്ള പാരമ്പര്യേതര ഊർജ്ജം | 1295 | 2.49 |

സെക്ഷൻ ഓഫീസർ